## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - അനദ്ധ്യാപക ജീവനക്കാര്യം - ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോഴിക്കോട് - ശ്രീമതി. കെ.മഞ്ജുഷ, ക്ലാർക്കിന് പ്രയോജനപ്പെടുത്താത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് തിരികെ മാതൃ വകുപ്പിൽ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നം: സി 4/35454/2018/കോ.വി.വ — തീയതി : 25/10/2018

പരാമർശം:- 1) ഈ ഓഫീസിലെ 25/05/2014 -ലെ സി 4/15594/14/കോ.വി.വ. നം. ഉത്തരവ്.

2) ശ്രീമതി. മഞ്ജുഷ കെ -യുടെ 30/07/2018 -ലെ അപേക്ഷ.

### ഉത്തരവ്

കോഴിക്കോട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. കെ. മഞ്ജുഷയ്ക്ക് വിദേശത്തുള്ള ജീവിത പങ്കാളിയോടൊപ്പം കഴിയുന്നതിന് അവധി പ്രയോജനപ്പെടുത്തുന്ന തീയതി മുതൽ അഞ്ച് വർഷത്തേയ്ക്ക് കെ.എസ്.ആർ. ഭാഗം I അനുബന്ധം 12C പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിരുന്നു. ശ്രീമതി. കെ. മഞ്ജുഷ 23/05/2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. ശൂന്യവേതനാവധി റദ്ദ് ചെയ്ത് തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി പരാമർശം (2) പ്രകാരം ശ്രീമതി. മഞ്ജുഷ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരം ശ്രീമതി. കെ മഞ്ജുഷയുടെ അപേക്ഷ പരിഗണിച്ച് ടിയാളെ മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് കോഴിക്കോട് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ ക്ലാർക്കായിരുന്ന ശ്രീമതി. മിനി. റ്റി -യ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി. മഞ്ജുഷ കെ ശൂന്യവേതനാവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ പുതുതായി സേവനത്തിൽ പ്രവേശിച്ചതായി കണക്കാക്കി പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്. ശ്രീമതി. മഞ്ജുഷ, ക്ലാർക്ക് തിരികെ ജോലിയിൽ പ്രവേശിച്ചതിനു ശേഷം ടിയാളുടെ പ്രയോജനപ്പെടുത്താത്ത ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
ഹരിത.വി. കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ജീവനക്കാരന്
2. സി 2 സെക്ഷൻ
3. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

//അംഗീകാരത്തോടെ//

വൈ.ടി. 20/10/18

സൂപ്രണ്ട്

GOVERNMENT OF KERALA 2017-18

1068